**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1014** **02-02-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പാമ്പുകടി മരണങ്ങളും സുരക്ഷാ സഹായ നടപടികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇല്ല; വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള 'സർപ്പ' പദ്ധതി 2020 ആഗസ്റ്റ് മുതൽ ആരംഭിച്ചതിനു ശേഷം സംസ്ഥാനത്ത് പാമ്പുകടിയേറ്റുള്ള മരണങ്ങളിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 'സർപ്പ' പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് ഒരു വർഷം ശരാശരി 130-150 ഉണ്ടായിരുന്ന പാമ്പുകടി യേറ്റുള്ള മരണം 2025 വർഷത്തിൽ 30 ആയി കുറച്ച് കൊണ്ട് വന്നിട്ടുണ്ട്. അടുത്ത അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് പാമ്പുകടിയേറ്റ് ഒരു ജീവൻ പോലും നഷ്ടപെടാത്ത അവസ്ഥയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സർപ്പ പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വിവിധ വകുപ്പുകളുടെ സഹകരണത്തോടെ "പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം" എന്നൊരു പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പാമ്പു കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട് ; വനത്തിനുള്ളിൽ വച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 05/04/2018 ലെ സ.ഉ.(കൈ) 17/18/വനം ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി വരുന്നു. പ്രസ്തുത ഉ ത്തരവ് പ്രകാരം വനത്തിന് പുറത്ത് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയാണ് നൽകിയിരുന്നത്. നിലവിൽ വനം വകുപ്പും, ദുരന്തനിവാരണ വകുപ്പും സംയുക്തമായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പുറപ്പെടുവിച്ച 09/05 /2025 ലെ സ.ഉ. (സാധാ) 304/2025/DMD പ്രകാരം വനത്തിന് പുറത്ത് പാമ്പുകടിയേറ്റ് മരണപ്പെടുന്ന വരുടെ ആശ്രിതർക്കുള്ള ധന സഹായം നാലു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ നൽകി വരുന്ന സാമ്പത്തിക സഹായം അപര്യാപ്തമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | 05/04/2018 – ലെ സ.ഉ.(കൈ)നം. 17/2018/വനം ഉത്തരവ് പ്രകാരം വനത്തിന് പുറത്ത് പാമ്പുകടിയേറ്റ് |

| | | | |
|---|---|---|---|
| | എങ്കിൽ സഹായം വർധിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; | | മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് നൽകിയിരുന്ന രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം വനം വകുപ്പും, ദുരന്തനിവാരണ വകുപ്പും സംയുക്തമായി പുറപ്പെ ടുവിച്ച 09/05/2025 ലെ സ.ഉ. (സാ ധാ) 304/2025/DMD ഉത്തരവ് പ്രകാരം നാല് ലക്ഷം രൂപയായി വർ ദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | അടിക്കാട് വെട്ടുന്ന തൊഴിലുറപ്പ് തൊഴിലാളികൾ പാമ്പുകടിയിൽ നിന്നും രക്ഷപ്പെടുന്നതിനായി ബൂട്ടും കൈയുറയും നിർബന്ധമായി ധരിക്കണമെന്ന നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | നിലവിൽ പാമ്പുകടിയേൽക്കുന്നവരിൽ ഭൂരിഭാഗവും കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവരും അ ടിക്കാടുകൾ നീക്കം ചെയ്യുന്നതുപോലുള്ള തൊഴിലുറപ്പ് തൊഴിലിൽ ഏർപ്പെടുന്നവരുമാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ സമയത്ത് പാമ്പുകടിയെ പ്രതിരോധിക്കുന്ന ഗംബൂട്ട്, സേഫ്റ്റി ഗ്ലൗസ്, നീളമുള്ള കത്തി മുതലായ സുരക്ഷാ ഉപകരണങ്ങൾ വിതരണ ം ചെയ്ത് യഥാവിധി ഉപയോഗിക് കുന്നതായാൽ ഇത്തരം അപകടങ്ങൾ ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്)& ചീഫ് വൈ ൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കിയ നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ